## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 308. 09.06.2014 ൽ മറുപടിയ്ക്ക്.

### വാഹനനികുതി വർദ്ധന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>" പി. ശ്രീരാമകൃഷ്ണൻ<br>" ബാബു.എം. പാലിശ്ശേരി<br>" സി. കൃഷ്ണൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | മോട്ടോർ വാഹനങ്ങൾക്കുള്ള നികുതി ഒറ്റയടിക്ക് നാലിരട്ടിയിലേറെ വർദ്ധിപ്പിച്ചുകൊണ്ട് ഒന്നിച്ചടയ്ക്കണമെന്ന നിർദ്ദേശം ജനങ്ങൾക്ക് ഉണ്ടാക്കിയ പ്രയാസങ്ങളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ ; | (എ) | വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | മോട്ടോർ വാഹനങ്ങളുടെ മേഖലയിൽ ഉപജീവനം കണ്ടെത്തുന്ന ലക്ഷക്കണക്കായ തൊഴിലാളികളെ പ്രയാസപ്പെടുത്തിയ പ്രസ്തുത തീരുമാനം പിൻവലിക്കുമോ ; | (ബി) | മോട്ടോർ ക്യാബുകൾ, ഓൾ ഇന്ത്യ മോട്ടോർ ക്യാബുകൾ ഉൾപ്പെടെയുള്ള കോൺട്രാക്ട് കാര്യേജുകളുടെ നികുതി കഴിഞ്ഞ 17 വർഷമായി വർദ്ധിപ്പിച്ചിട്ടില്ല. പഴയ മോട്ടോർ ക്യാബുകൾക്കും ഓൾ ഇന്ത്യ മോട്ടോർ ക്യാബുകൾക്കും വർഷം 340 മുതൽ 360 രൂപ വരെ വർദ്ധനവ് വരുത്തിയാണ് 5 വർഷത്തേക്കുള്ള നികുതി ഈടാക്കുന്നത്. ഈ തുക 5 വർഷത്തേക്ക് ഒന്നിച്ചടയ്ക്കുമ്പോൾ പൊതുജനങ്ങൾക്ക് വർഷാവർഷം ഓഫീസുകളിലും ബാങ്കുകളിലും കയറിയിറങ്ങുന്നത് ഒഴിവാക്കാൻ സാധിക്കും. മാത്രമല്ല അടുത്ത 5 വർഷത്തേക്ക് ഇത്തരം വാഹനങ്ങൾക്ക് നികുതി വർദ്ധനവ് ഉണ്ടായാലും 5 വർഷത്തേക്ക് അടച്ചവരിൽ നിന്നും അധിക നികുതി വാങ്ങുന്നതല്ല. എന്നാൽ ലക്ഷ്വറി ടാക്സി വിഭാഗത്തിൽപ്പെടുന്ന മോട്ടോർ ക്യാബുകളുടെ നികുതി വർദ്ധനവിൽ കുറവു വരുത്തുന്നതിനായി ഗതാഗത കമ്മീഷണർ സമർപ്പിച്ച ഒരു നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ട്. 3000 കി.ഗ്രാമിൽ താഴെ രജിസ്റ്റേഡ് ലാഡൻ വെയ്റ്റ് (RLW) ഉള്ള ഗുഡ്സ് വാഹനങ്ങൾക്ക് നിലവിൽ ഉണ്ടായിരുന്ന നികുതി നിരക്കിൽ വർദ്ധനവ് വരുത്താതെയാണ് 5 വർഷത്തേക്ക് നികുതി ഈടാക്കുന്നത്. പുതിയതായി രജിസ്റ്റർ ചെയ്യുന്ന ടാക്സി കാറുകൾക്ക് കേന്ദ്ര സർക്കാർ നിർദ്ദേശം അനുസരിച്ചാണ് 15 വർഷത്തേക്ക് |

| | | | |
|---|---|---|---|
| | | | ഒറ്റത്തവണ നികുതി ഈടാക്കിയിട്ടുള്ളത്. അയൽ സംസ്ഥാനങ്ങളിലും ഒറ്റത്തവണ നികുതിയാണ് നിലവിലുള്ളത്. ഇത്തരം വാഹനങ്ങൾക്ക് അടുത്ത 15 വർഷത്തേക്ക് നികുതി ഒടുക്കേണ്ടി വരില്ല എന്ന മാത്രമല്ല നികുതി വർദ്ധനവും ബാധകമാകുന്നതല്ല. |
| (സി) | വാഹനനികുതി വർദ്ധനയിലൂടെ ഈ വർഷം ലക്ഷ്യമിട്ട അധിക വരുമാനം എത്ര രൂപയാണെന്നും വർദ്ധിപ്പിച്ച നികുതിനിരക്കുകൾ എത്രയാണെന്നും വിശദമാക്കാമോ ; | (സി) | 2014 -15 സാമ്പത്തിക വർഷത്തിൽ 270.35 കോടി രൂപയാണ് അധികവരുമാനം പ്രതീക്ഷിക്കുന്നത്. കേരള ഫിനാൻസ് ബിൽ 2014 പ്രകാരം നിലവിൽ വന്ന മോട്ടോർ വാഹന നികുതി നിയമത്തിലെ ഭേദഗതികളും അതിനനുസൃതമായി വർദ്ധിപ്പിച്ച നികുതി നിരക്കുകളും ചുവടെ പറയുംപ്രകാരമാണ് :<br>1 പഴയ മോട്ടോർ കാറുകൾ, മോട്ടോർ സൈക്കിളുകൾ എന്നിവയുടെ നിലവിലുള്ള നികുതിയിൽ യാതൊരു വർദ്ധനവും വരുത്താതെ നിലവിൽ 2 വർഷം അടച്ചുകൊണ്ടിരുന്നത് 5 വർഷത്തേയ്ക്ക് അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തു.<br>2 പുതിയ മോട്ടോർ സൈക്കിളുകൾ, മോട്ടോർ കാറുകൾ തുടങ്ങി ഒറ്റത്തവണ നികുതി അടയ്ക്കുന്ന വാഹനങ്ങളുടെ പർച്ചെയ്സ് വാല്യൂവിൽ നിന്നും വാറ്റ്/എക്സൈസ് ഡ്യൂട്ടി തുടങ്ങിയവ ഒഴിവാക്കണമെന്ന് ബഹു: ഹൈക്കോടതി നിർദ്ദേശിച്ചതിനാൽ സർക്കാരിന് വരുമാന നഷ്ടം ഉണ്ടാകാതിരിക്കുവാൻ വേണ്ടി നിലവിലുള്ള നിരക്കിൽ ചെറിയ വർദ്ധനവ് വരുത്തി.<br>3 പുതിയ മോട്ടോർ ക്യാബുകൾക്കും ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾക്കും 15 വർഷത്തേയ്ക്ക് വാങ്ങൽ വിലയുടെ അടിസ്ഥാനത്തിൽ ഒറ്റത്തവണ നികുതി ഏർപ്പെടുത്തി.<br>4 1500 സി.സി യിൽ കറവുള്ള മോട്ടോർ ക്യാബുകൾക്കും ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾക്കും നിലവിലെ വാർഷിക നികുതിയിൽ ചെറിയ വർദ്ധനവ് വരുത്തി 5 വർഷം ഒരുമിച്ച് അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തു. എന്നാൽ 1500 സി.സി യിൽ കൂടുതലുള്ള ഇത്തരം വാഹനങ്ങളെ |

| | | | |
|---|---|---|---|
| | | | ലക്ഷ്വറി ടാക്സി എന്ന വിഭാഗത്തിൽ പ്പെടുത്തി അവയ്ക്ക് 2 വർഷത്തേയ്ക്ക് 12000 രൂപ എന്ന നിരക്ക് ഏർപ്പെടുത്തി.<br>5 സംസ്ഥാനത്തിനകത്ത് സർവ്വീസ് നടത്തുന്ന കോൺട്രാക്ട് ക്യാരേജുകളിൽ പുഷ്ബാക്ക് ഉള്ളവയ്ക്കും സ്ലീപ്പർ ബർത്ത് ഉള്ളവയ്ക്കും സീറ്റൊന്നിന് 1000 രൂപ / 2000 രൂപ എന്നീ ക്രമത്തിൽ നികുതി വർദ്ധിപ്പിച്ചു.<br>6 സംസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത ഇന്റർസ്റ്റേറ്റ് സർവീസ് നടത്തുന്ന ആൾ ഇന്ത്യാ ബസുകളിൽ പുഷ്ബാക്ക് സീറ്റ് ഉള്ളവയ്ക്കും സീറ്റൊന്നിന് 2000 രൂപയായും സ്ലീപ്പർ ബർത്ത് ഉള്ളവയ്ക്ക് ബർത്ത് ഒന്നിന് 3000 രൂപയായും നികുതി വർദ്ധിപ്പിച്ചു.<br>7 അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കേരളത്തിലേക്ക് സർവ്വീസ് നടത്തുന്ന കോൺട്രാക്ട് ക്യാരേജുകളുടെ നികുതി ഓർഡിനറി വാഹനങ്ങൾക്ക് സീറ്റ് ഒന്നിന് 4000/- രൂപയായും പുഷ്ബാക്ക് സീറ്റ് ഉള്ളവയ്ക്ക് സീറ്റൊന്നിന് 6000/- രൂപയായും സ്ലീപ്പർ ബർത്ത് ഉള്ളവയ്ക്ക് ബെർത് ഒന്നിന് 7000/- രൂപയായും വർദ്ധിപ്പിച്ചിരുന്നു. (ഇത് ബഹു: ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുക യാണ്).<br>8 കാരാവൻ / കാമ്പിങ് ട്രയിലറുകളുടെ നികുതി അവയുടെ തറ വിസ്തീർണ്ണ ത്തിന്റെ അടിസ്ഥാനത്തിൽ ഒരു സ്ക്വയർ മീറ്ററിന് 1000/- രൂപ എന്ന നിരക്കിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.<br>9 ജനറേറ്റർ / റിംഗ് / കമ്പ്രസ്സർ വാഹന ങ്ങൾക്ക് അവയുടെ രജിസ്റ്റേഡ് ലാഡൻ വെയ്റ്റിന്റെ അടിസ്ഥാന ത്തിൽ പുതിയ നിരക്ക് ഏർപ്പെടുത്തി .<br>10 3000 കി. ഗ്രാം വരെ ആർ.എൽ.ഡബ്ല്യൂ ഉള്ള ചരക്ക് വാഹനങ്ങളിലെ വാർഷിക നികുതി |

| | | | |
|---|---|---|---|
| | | | യിൽ യാതൊരു വർദ്ധനവും വരുത്താതെ ഇത്തരം വാഹനങ്ങളുടെ നികുതി 5 വർഷം ഒരുമിച്ച് അടയ്ക്കണം എന്ന് വ്യവസ്ഥകൊണ്ടുവന്നു. |
| (ഡി) | അഞ്ചുവർഷത്തേക്കുള്ള നികുതികൾ മുൻകൂട്ടി ഒന്നിച്ചടയ്ക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്നും ഇതിലൂടെ ഈ വർഷം പ്രതീക്ഷിക്കുന്ന അധികവരുമാനം എത്രയാണെന്നും അറിയിക്കുമോ ? | (ഡി) | പൊതുജനങ്ങൾക്ക് വർഷാവർഷം ഓഫീസുകളിലും ബാങ്കുകളിലും കയറിയിറങ്ങുന്നതിലുള്ള ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിനും വാഹനവർദ്ധനവ് മൂലമുള്ള ഓഫീസുകളിലെ തിരക്ക് ഒഴിവാക്കുന്നതിനുമാണ് നികുതികൾ മുൻകൂട്ടി, ഒന്നിച്ചടയ്ക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. 5 വർഷത്തേക്ക് നികുതി മുൻകൂട്ടി പിരിക്കുന്നത് വഴി 182 കോടി രൂപയാണ് അധിക വരുമാനം പ്രതീക്ഷിക്കുന്നത്. |



സെക്ഷൻ ഓഫീസർ.